# മതജ്ഞാനങ്ങളുടെ ആഖ്യാനവും സ്വാതന്ത്ര്യവും മരണപര്യന്തം എന്ന നോവലിനെ മുൻനിറുത്തിയുള്ള വിശകലനം

**ഡോ.മുഹമ്മദ് ശഫീഖ് വഴിപ്പാറ**

മലയാള സാഹിത്യത്തിൽ മുസ്‌ലിം ജീവിതങ്ങളും ഇസ്‌ലാമിക ജ്ഞാനപദ്ധതികളും വേണ്ടപോലെ ദൃശ്യമാകാതെ പോയിട്ടുണ്ടെന്നത് വസ്തുതയാണ്. കൊളോണിയൽ, പ്രാഗ്-കൊളോണിയൽ കാലത്ത് അറബിമലയാള സാഹിത്യ രചനകളിലൂടെ അവ ഒരുപാട് ആവിഷ്കരിക്കപ്പെട്ടിട്ടുണ്ടെങ്കിലും പൊതുമണ്ഡലം/ആധുനികത സാമൂഹ്യാനുഭവമായി തുടങ്ങുന്ന ഘട്ടം മുതലുള്ള രചനകളിലെ മുസ്‌ലിം ജീവിതങ്ങളുടെയും ഇസ്‌ലാമിക ജ്ഞാനപദ്ധതികളുടെയും സ്ഥിതി പൊതുവെ ദുർബലമാണ്. ദൃശ്യവത്കരിക്കപ്പെട്ട മുസ്‌ലിംജീവിതങ്ങളാകട്ടെ പ്രതി/അപര വ്യക്തിത്വത്തിന്റെ മുദ്ര ചാർത്തപ്പെട്ടാണ് പലപ്പോഴും കൈകാര്യം ചെയ്യപ്പെട്ടത്. ആധുനിക മലയാള എഴുത്തുകാരുടെ രചനകളിൽ പ്രതിനായകരോ നിന്ദ്യകഥാപാത്രങ്ങളോ ആയാണ് മുസ്‌ലിംകൾ പലപ്പോഴും പ്രത്യക്ഷപ്പെട്ടത്. അവരിൽ പലരും പിൽക്കാലത്ത് തങ്ങളുടെ മുസ്‌ലിംധാരണകളെ സ്വന്തം രചനകളിലൂടെ തിരുത്തിയെങ്കിലും മലയാള സാഹിത്യത്തിന്റെ പൊതുധാര മുസ്‌ലിം/ഇസ്‌ലാം സാംസ്കാരികതയോട് അകന്നുതന്നെ പെരുമാറിക്കൊണ്ടിരുന്നു.

മുസ്‌ലിം/ഇസ്‌ലാം ഇതിവൃത്തങ്ങളെ വൈവിധ്യമാർന്ന ഭാവനകളിലൂടെ ആവിഷ്കരിച്ചവരോട് ഏതുനിലയിലായിരുന്നു മുഖ്യധാരാ മലയാളത്തിന്റെ പെരുമാറ്റമെന്ന അനുഭവവും മുന്നിലുണ്ട്. മലയാള കവിതയിൽ ഇസ്‌ലാമിക ഇതിവൃത്തം ടി ഉബൈദ് വരച്ചിട്ടുവെങ്കിലും അത്തരം ശ്രമങ്ങളെ തുറന്ന മനസ്സോടെ സ്വീകരിക്കാൻ 'പൊതുബോധം' പൊതുവെ തയ്യാറായില്ല. ഉബൈദിന്റെ കവിതയെ വിലയിരുത്തി സുകുമാർ അഴീക്കോട് പറഞ്ഞതിങ്ങനെയാണ്: "ഉബൈദിന്റെ കവിതയിൽ അറബി സംസ്കാരത്തിന്റെയും ഇസ്‌ലാം മതത്തിന്റെയും ഭാരതീയ പാരമ്പര്യദൃഷ്ടിയിൽ വിലക്ഷണങ്ങളായ അനേകം അംശങ്ങൾ തെളിഞ്ഞുകാണാം. പഴയമട്ടിൽ പറയുകയാണെങ്കിൽ അവ മ്ലേഛ ഘടകങ്ങളാണ്" (1995:52).

മുസ്‌ലിം സാമൂഹ്യജീവിതത്തിന്റെ വിവിധ വ്യവഹാരങ്ങളും ഗൃഹാനുഭവങ്ങളും മലയാളത്തിൽ കാര്യമായി പ്രചാരം കിട്ടുന്നത് വൈക്കം മുഹമ്മദ് ബഷീറിലൂടെയാണ്. ഇസ്‌ലാമിന്റെ സമഭാവനയും കാരുണ്യവുമെല്ലാം ബഷീർ ബഹുസ്വരമായ കഥപറച്ചിലുകളിലൂടെ ആവിഷ്കരിച്ചു. എങ്കിലും ഖുർആൻ,

ഹദീസ് (മുഹമ്മദ് നബി പറഞ്ഞതും ചെയ്തതും), ഇസ്‌ലാമിലെ മറ്റു പ്രമാണങ്ങളുടെയും പണ്ഡിതൻമാരുടെയും വിവരണങ്ങൾ എന്നിവയെ ഇതിവൃത്തമാക്കി നേരിട്ടുള്ള ആവിഷ്കരണത്തിലേക്ക് ബഷീർ കടന്നില്ല. ഇസ്‌ലാമിക ജ്ഞാനങ്ങളെ വ്യക്തമായി വിവരിച്ചിട്ടുള്ള ആശയങ്ങളെ/ചരിത്രത്തെ സ്വാതന്ത്ര്യത്തോടെ സമീപിക്കാനുള്ള മുന്നൊരുക്കമില്ലായ്മ കൊണ്ടാകാം ബഷീർ അതിനു മുതിരാതിരുന്നത്. ഖുർആൻ, ഹദീസ് തുടങ്ങിയ ഇസ്‌ലാമിലെ അടിസ്ഥാന പ്രമാണങ്ങളിലെ വിവരങ്ങൾ അടിസ്ഥാനമാക്കി ശംസുദ്ദീൻ മുബാറക് എഴുതിയ 'മരണ പര്യന്തം-റൂഹിന്റെ നാൾ മൊഴികൾ' എന്ന നോവൽ ചർച്ച ചെയ്യുന്നതിന്റെ പ്രസക്തി ഇവിടെയാണ്.

ശാസ്ത്രം യുക്തിയുടെതാണെങ്കിൽ സാഹിത്യം അയുക്തിയുടെതാണ്. യുക്തിയുടെ ബോധ്യങ്ങളും തെളിവുകളും ശാസ്ത്രത്തെ മുന്നോട്ടുനയിക്കുമ്പോൾ യുക്തിയുടെ ബോധ്യങ്ങൾക്കപ്പുറം ഭാവനകളും പ്രതീകങ്ങളും സാഹിത്യത്തെ കരുത്തുറ്റതാക്കുന്നു. എന്നാൽ, മതത്തിന്റെയും വിശ്വാസത്തിന്റെയും ചരിത്രവും ധാരയും വ്യക്തമായി രേഖപ്പെടുത്തി വെച്ച വിവരണങ്ങളെ സാഹിത്യം കൈകാര്യം ചെയ്യുമ്പോൾ എത്രത്തോളം അത് ഭാവനകൾക്കും മാറ്റിയെഴുത്തുകൾക്കും വിധേയമാക്കാം എന്ന സംശയം പലർക്കുമുണ്ടായിട്ടുണ്ട്. ഇസ്‌ലാമിക പ്രമാണങ്ങളിലൂടെ വെളിപ്പെട്ടതും മുസ്‌ലിംകൾ വിശ്വസിക്കുന്നതുമായ മരണാനന്തര ജീവിതത്തെ കുറിച്ച് എഴുതുമ്പോഴും ഇത്തരം സന്ദേഹങ്ങൾ മുന്നിലുണ്ട്. ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളായ ഖുർആനെയും ഹദീസിനെയും പൂർവകാല പണ്ഡിതൻമാരുടെ വിശദീകരണങ്ങളെയും മുൻനിർത്തി അവ സാഹിത്യത്തിൽ അവതരിപ്പിക്കുമ്പോൾ എങ്ങനെയായിരിക്കുമെന്ന ആലോചനയുണ്ട്. ആത്മാവിനെയും മരണാനന്തര ജീവിതത്തെയും പ്രമേയവത്കരിക്കുന്ന 'മരണപര്യന്തം-റുഹിന്റെ നാൾമൊഴികൾ' എന്ന നോവൽ മതത്തിനും ഭാവനയ്ക്കുമിടയിൽ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന ആലോചനയുടെ പശ്ചാത്തലം ഇതാണ്.

**ആത്മാവിന്റെ സഞ്ചാരം**

റൂഹ് എന്ന അറബിപദത്തിനർത്ഥം ആത്മാവ് എന്നാണ്. ആത്മാവിന്റെ രൂപത്തെയും വലുപ്പത്തെയും കുറിച്ച് ഇസ്‌ലാമിക പ്രമാണങ്ങൾ വ്യക്തമായി വിശദീകരിച്ചിട്ടില്ല. മുഹമ്മദ് നബിയോട് എന്താണ് ആത്മാവ് എന്ന് ചിലർ ചോദിച്ചപ്പോൾ, ആത്മാവ് എന്റെ നാഥന്റെ മാത്രം വരുതിയിലുള്ള സംഗതിയാണ് എന്നായിരുന്നു മറുപടി. ഇതേകാര്യം ഖുർആനിലെ പതിനേഴാം അധ്യായം എൺപത്തിയഞ്ചാം വചനത്തിൽ പറഞ്ഞിട്ടുണ്ട്. ആത്മാവിന്റെ രൂപത്തെ കുറിച്ചുള്ള വ്യക്തമായ വിവരം പ്രവാചകൻ മുഹമ്മദ് നബിക്കു പോലും ദൈവം നൽകിയിട്ടില്ലെന്നു ചുരുക്കം.

അതേസമയം, ആത്മാവിന്റെ സ്വഭാവത്തെയും രീതിയെയും കുറിച്ച് ഇസ്ലാം മതപ്രമാണങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. അഞ്ചുരീതിയിലുള്ള ആത്മാവുകളുണ്ടെന്ന് ഇസ്‌ലാമിക പ്രമാണങ്ങൾ വിശദീകരിക്കുന്നു. ഒന്ന്-പ്രവാചകൻമാരുടെ ആത്മാവ്. രണ്ട്-രക്തസാക്ഷികളുടെ ആത്മാവ്. മൂന്ന്-ദൈവത്തെ അനുസരിച്ച് ജിവിച്ച വിശ്വാസികളുടെ ആത്മാവ്. നാല്-ദൈവത്തെ അനുസരിക്കാതെ ജീവിച്ച വിശ്വാസികളുടെ ആത്മാവ്. അഞ്ച്-അവിശ്വാസികളുടെ ആത്മാവ്. പ്രവാചകൻമാരുടെ ആത്മാവ് മരണശേഷം, സ്വശരീരങ്ങളുടെ

രൂപത്തിൽ രൂപാന്തരപ്പെടുകയും സ്വർഗത്തിലെ അനുഭൂതികളാസ്വദിച്ച് അർശിന്റെ (ദൈവത്തിന്റെ സിംഹാസനം) താഴെ രാത്രികളിൽ വന്നുകൂടുകയും കസ്തൂരിയുടെ ഗന്ധം അവയിൽ നിന്ന് വീശുകയും ചെയ്യും. രക്തസാക്ഷികളുടെ ആത്മാവ് മരണശേഷം, സ്വർഗത്തിൽ പാറിക്കളിക്കുകയും അതിലെ പഴങ്ങളും പാനീയങ്ങളും ആസ്വദിക്കുകയും അർശിന്റെ നിഴലിൽ തങ്ങുകയും ചെയ്യും. ദൈവത്തെ അനുസരിച്ച് ജീവിച്ച വിശ്വാസികളുടെ ആത്മാവ് മരണശേഷം സ്വർഗത്തിലെ തോട്ടങ്ങളിൽ കഴിയും. സ്വർഗീയ അനുഭൂതികൾ ആസ്വദിക്കുകയില്ല, എങ്കിലും സ്വർഗത്തിലേക്ക് നോക്കിക്കൊണ്ടിരിക്കും. ദൈവത്തെ അനുസരിക്കാതെ ജീവിച്ച വിശ്വാസികളുടെ ആത്മാവ് മരണശേഷം, ആകാശഭൂമികൾക്കിടയിലെ അന്തരീക്ഷത്തിൽ നിലകൊള്ളും. അവിശ്വാസികളുടെ ആത്മാവ് മരണശേഷം, കറുത്ത പക്ഷികളുടെ ചീലകളിലായി സിജ്ജീൽ എന്ന സ്ഥലത്ത് സ്ഥിതിചെയ്യും.

ജീവിതത്തിൽ ദൈവത്തെ അനുസരിക്കാതെ പാപങ്ങൾ ചെയ്തുകൂട്ടിയ, നോവലിലെ നായകകഥാപാത്രമായ ബഷീറിന്റെ ആത്മാവ് എവിടെയാണ് പോകുന്നതെന്ന് നോവലിന്റെ ആദ്യത്തിൽ തന്നെ പറയുന്നുണ്ട്. മാലാഖമാർ നരകത്തിൽ നിന്ന് കൊണ്ടുവന്ന കരിമ്പടത്തിൽ ദുർഗന്ധമുള്ള അവന്റെ ആത്മാവ് പൊതിയുകയും ഏഴാം ഭൂമിയുടെ താഴെയുള്ള ദുരന്താത്മാക്കളുടെ ലോകമായ സിജ്ജീലിലേക്ക് വലിച്ചെറിയുകയും ചെയ്യുന്നു. ദൈവത്തെ അനുസരിക്കാതെ ജീവിച്ച വിശ്വാസി എന്ന നിലയിൽ ബഷീറിന്റെ ആത്മാവ് നിലകൊള്ളേണ്ടത് ആകാശഭൂമികൾക്കിടയിലെ അന്തരീക്ഷത്തിലാണ്. എന്നാൽ, അവിശ്വാസികളുടെ ആത്മാവുകൾ സ്ഥിതി ചെയ്യുന്ന സിജ്ജീലിലാണ് ബഷീറിന്റെ ആത്മാവ് മാലാഖമാർ കൊണ്ടുപോയി തള്ളുന്നത്. ഇസ്‌ലാമിക പ്രമാണങ്ങളിൽ വിശദീകരിക്കുന്ന രീതിയിൽ നിന്നു വ്യത്യസ്തമായി, സ്ഥല-കാല, പ്രമേയ സൃഷ്ടിയിൽ തന്റേതായ സ്വാതന്ത്ര്യം എഴുത്തുകാരൻ ഉപയോഗിക്കുന്ന സൂചന ഇവിടെ നൽകിയെങ്കിലും പിന്നീട്, പ്രമാണവിശദീകരണങ്ങളെ ഇതുപോലെ സ്വാതന്ത്ര്യത്തോടെ സമീപിക്കുന്നതായി കാണുന്നില്ല. പ്രമാണങ്ങളിലെ വിശദീകരണങ്ങളെ മാറ്റിത്തിരുത്തലുകളില്ലാതെ അവതരിപ്പിക്കുകയും അവയോടു ചേർന്ന വിവരങ്ങളെ ഭാവനയുടെയും ഭാവുകത്വത്തിന്റെയും തലങ്ങളിൽ നിർമിച്ചെടുക്കുകയുമാണ് നോവൽ ചെയ്യുന്നത്.

ബഷീറിന്റെ മരണത്തിൽ തുടങ്ങുന്ന നോവൽ, അവന്റെ ശരീരത്തിൽനിന്ന് വേർപ്പെടുന്ന ആത്മാവിന്റെ സഞ്ചാരവഴിയിലെ കാഴ്ചകളും അനുഭവങ്ങളുമായി രണ്ടു ലോകങ്ങളെ അവതരിപ്പിക്കുന്നു. ഒന്ന് ഇഹലോകം. അത് ബഷീർ 48 വർഷം ജീവിച്ച ലോകവും മരണാനന്തരം ആത്മാവ് നാട്ടിൽ ചെന്ന് കാണുന്ന ലോകവുമായി നിലകൊള്ളുന്നു. മറ്റൊന്ന് പരലോകമാണ്. ഇഹലോകത്ത് കുടുംബങ്ങളും നാട്ടുകാരും ചെയ്തുകൂട്ടിയ പാപങ്ങളുമെല്ലാം കഥാപാത്രങ്ങളും കഥാസന്ദർഭങ്ങളുമായി നിലകൊള്ളുന്നു. പരലോകത്ത് ഖബർ, മഹ്ശറ (മനുഷ്യരെ വിചാരണ ചെയ്യുന്നതിന് ദൈവം തയ്യാറാക്കിയ ലോകം), സ്വർഗം, നരകം തുടങ്ങിയ മതവാഗ്ദാനങ്ങളിലെ മരണാനന്തരലോകവും നിറഞ്ഞു നിൽക്കുന്നു.

അസ്‌റാഈൽ എന്ന മാലാഖ വന്ന് ബഷീറിന്റെ ആത്മാവ് പിടിക്കുന്ന ഘട്ടം മുതൽ, ചെയ്തുകൂട്ടിയ പാപങ്ങൾക്കെല്ലാം ശിക്ഷ കിട്ടിയ ശേഷം വിശ്വാസിക്കു ലഭിക്കുന്ന വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗം വരെയുള്ള സുദീർഘമായ കാലയളവിലൂടെയാണ് നോവലിന്റെ പ്രധാന സഞ്ചാരം. ഇതിലെ സ്ഥലങ്ങളും മാലാഖമാരും പ്രവാചകൻമാരും മുഹൂർത്തങ്ങളുമെല്ലാം ഇസ്‌ലാം മതഗ്രന്ഥങ്ങളിൽ വിവരിച്ചതും സാധാരണ

മുസ്‌ലിംകൾക്ക് പരിചയമുള്ളതുമാണ്. മരണത്തിനു ശേഷം, ഭൗതിക ശരീരം കൊണ്ടുപോയി അടക്കം ചെയ്യുന്ന സ്ഥലമായ ഖബറും അതിലെ ജീവിതവും, മുൻകർ, നകീർ എന്നീ മാലാഖമാർ നേതൃത്വം നൽകുന്ന ഖബറിലെ ചോദ്യം ചെയ്യൽ, ലോകാവസാനത്തിന്റെ സമയത്ത് സംഭവിക്കുന്ന ഇമാം മഹ്ദിയുടെ ആഗമനം, ദജ്ജാൽ എന്ന ഭീകരസത്വത്തിന്റെ പ്രത്യക്ഷപ്പെടൽ, പ്രവാചകനായ ഈസയുടെ പുനരാഗമനം, ദാബത്തുൽ അർള് എന്ന വിചിത്രമൃഗത്തിന്റെ വരവ്, പരലോകത്തെ വിചാരണാരീതികൾ തുടങ്ങിയ മുസ്‌ലിം പ്രമാണകേന്ദ്രിത വിവരണങ്ങളെ തന്റേതായ രീതിയിൽ വ്യാഖ്യാനിക്കാനും പുനരാവിഷ്കരിക്കാനും മുതിരാതെ, ഒരു പ്രമേയത്തിന്റെ പ്രവാഹത്തിനു ആവശ്യമായ നിർമാണ വസ്തുവായി മാത്രം ഉപയോഗിക്കുകയാണ് നോവലിസ്റ്റ് ചെയ്തിരിക്കുന്നത്.

മലയാള സാഹിത്യത്തിനു പരിചിതമല്ലാത്ത ഒരു ജ്ഞാനപദ്ധതിയെ നോവൽ ശില്പത്തിന്റെ മേനിയുടെ പ്രധാന ഇടങ്ങളിലെല്ലാം കൊത്തിവെച്ച് വായനക്കാർക്ക് വ്യത്യസ്തവും സാമ്പ്രദായിക വിരുദ്ധവുമായ അനുഭവം പകർന്നു എന്ന പ്രസക്തി ഇതിനുണ്ട്. സവർണ-മേലാള ശരീരങ്ങളിലും ഇതിഹാസങ്ങളിലും കറങ്ങിത്തിരിയുകയോ അധമമുസ്‌ലിം പ്രതിനിധാനങ്ങളിൽ സംതൃപ്തി കണ്ടെത്തുകയോ ചെയ്തിരുന്ന സാഹിത്യപാരമ്പര്യത്തിൽ, ഇസ്‌ലാമിക ജ്ഞാനങ്ങളുടെയും വെളിപാടുകളുടെയും വ്യക്തതയോടെയുള്ള ആവിഷ്ക്കാരം ഒരു പ്രധാന കാര്യംതന്നെയാണ്. സമൂഹത്തിൽ വിവിധ നിലകളിൽ വ്യവഹരിക്കുന്ന ജ്ഞാനങ്ങളെ, പൊതുബോധങ്ങളെ സ്വാധീനിക്കുന്ന/രൂപീകരിക്കുന്ന മണ്ഡലങ്ങൾ സ്വാംശീകരിച്ച തന്നെയാണ് സാഹിത്യത്തിനും സമൂഹത്തിനും മുന്നോട്ടു പോകാനുള്ളത്. എഴുപതുകൾക്കു ശേഷമുള്ള കേരളീയ ആധുനികതയിൽ കൃത്യമായ ദൃശ്യതയിലേക്ക് (വിസിബിലിറ്റി) ഉയർന്നുവന്ന സമുദായമെന്ന നിലയിൽ മുസ്‌ലിം സമുദായത്തിനകത്തെ വൈജ്ഞാനിക ചർച്ചകളും ധാരകളും അറിയാനുള്ള കൗതുകം ഇതര സമുദായങ്ങൾക്കുണ്ടായിട്ടുണ്ട്. അവരുടെ ആശ്രയസ്രോതസ്സുകൾ ഏതൊക്കെയാണ് എന്നതിനെ ആശ്രയിച്ചായിരുന്നു ധാരണകളിൽ ശരിയും തെറ്റും സംഭവിച്ചിരുന്നത്. മുസ്‌ലിംകൾക്കിടയിൽ അംഗീകരിക്കപ്പെട്ടതും പരമ്പരാഗതമായി കൈമാറിവരുന്നതുമായ ജ്ഞാനങ്ങളെ സ്വീകരിച്ച് രൂപപ്പെടുത്തുന്ന വ്യവഹാരങ്ങൾക്ക് ആ സമുദായത്തോടും ചരിത്രത്തോടും നീതിപുലർത്താനാകും. അങ്ങനെയൊരു പ്രാധാന്യത്തിലാണ് നോവലിലെ ഈ വിവരണങ്ങളുടെ സാധുതയും ഇടവും.

കഥാപാത്രത്തിന്/കഥാപാത്രങ്ങൾക്ക് പ്രാധാന്യം നൽകാതെ, കഥാസന്ദർഭങ്ങളും കഥാഗേഹങ്ങളുമായി മുന്നോട്ടു പോകുന്ന നോവലായതുകൊണ്ടു തന്നെ, ഇതിവൃത്തത്തിലെ സൂക്ഷ്മതകളിൽ ചുറ്റിത്തിരിഞ്ഞു മാത്രമേ ഇതിന്റെ വിശകലനം സാധ്യമാകൂ. ബഷീർ എന്ന പ്രധാന കഥാപാത്രത്തിനു പുറമെ, ഭാര്യ സലീന, മകൻ അജ്മൽ, വല്യുമ്മ, അയൽവാസി സൈനു തുടങ്ങിയ ഏതാനും കഥാപാത്രങ്ങളാണ് ഇതിലുള്ളത്. ബാക്കിയുള്ളത് പ്രവാചകൻമാരും മാലാഖമാരുമാണ്. അവരാകട്ടെ, ഇസ്‌ലാമിക പ്രമാണങ്ങളും ധാരകളും വിവരിക്കുന്നിടത്തെ പരാമർശിതർ മാത്രമാണ്. സ്വതന്ത്രമായ കഥാപാത്രവ്യക്തിത്വങ്ങളായി അവരെ വികസിപ്പിക്കാനോ സമീപിക്കാനോ നോവൽ ഒരിടത്തും ശ്രമിക്കുന്നില്ല. ഒരു ഉദാഹരണം നോക്കാം. മഹ്ശറയിൽ വിചാരണകളും നടപടികളും അനന്തമായി നീളുമ്പോൾ പരിഹാരം കാണാൻ ആളുകൾ ചെല്ലുന്നത് പ്രവാചകൻമാരുടെ അടുത്തേക്കാണ്. ആദ്യം

ആദമിന്റെ അടുത്ത് ചെല്ലും. അദ്ദേഹം ഒന്നും ചെയ്യാൻ കഴിയാതെ കൈ മലർത്തുമ്പോൾ നൂഹ് നബിയുടെ അടുത്ത് ആളുകൾ ചെല്ലും. അവിടെയും പരിഹാരമാകാതെയാകുമ്പോൾ ഇബ്‌റാഹീം നബിയുടെ അടുത്ത് ചെല്ലും. പിന്നീട് മൂസാ നബിയുടെ അടുത്തും ശേഷം ഈസാ നബിയുടെ അടുത്തും ചെല്ലും. ഒടുവിൽ മുഹമ്മദ് നബിയുടെ അടുത്തു ചെന്ന് കാര്യങ്ങൾ അവതരിപ്പിക്കുമ്പോഴാണ് പരിഹാരം കാണുന്നത്. ഇത് ഇസ്‌ലാമിക പാഠങ്ങളിലെ സാധാരണ വിവരണമാണ്. ഒരു പ്രവാചകൻ കഴിഞ്ഞാൽ അടുത്തത് ആരെന്നും ഒടുവിൽ മുഹമ്മദ് നബിയുടെ അടുത്ത് എത്തുന്നതോടെ പരിഹാരമാകുമെന്നുമുള്ള ധാരണയെ തിരുത്താതെ നോവൽ എല്ലാം അനുസരണയോടെ അവതരിപ്പിക്കുന്നു.

മുസ്‌ലിം അനുഷ്ഠാനം പരിചയമില്ലാത്തവർക്ക് ആശയക്കുഴപ്പമുണ്ടാക്കാതെ കാര്യങ്ങൾ വിവരിക്കാനുള്ള ജാഗ്രത നോവലിൽ കാണാനാകും. നിസ്കാരങ്ങളുടെ ചിത്രമായി സാധാരണ മനസ്സിൽ തെളിയുക കുമ്പിടുന്ന രൂപമോ ഇരിക്കുന്ന രൂപമോ ഒക്കെ ആയിരിക്കും. എന്നാൽ, മയ്യിത്ത് നിസ്കാരത്തിൽ ഈ രണ്ടു രൂപങ്ങളും ഇല്ല എന്നതും നിന്നുകൊണ്ടു മാത്രം നിർവഹിക്കേണ്ടുന്ന അനുഷ്ഠാനമാണ് അത് എന്നതും ഈ സംസ്കാരത്തിനു പുറത്തുള്ള ഒരാൾക്ക് പെട്ടെന്ന് തെളിയുന്ന കാര്യമാകണമെന്നില്ല. അതുകൊണ്ടു കൂടിയാകാം, മറ്റു നിസ്കാരങ്ങളെ പോലെയല്ല മയ്യിത്ത് നിസ്കാരമെന്നു പറഞ്ഞ് അതിന്റെ രൂപം കൂടി ഓർമിപ്പിക്കാൻ നോവലിസ്റ്റ് സമയം കണ്ടെത്തിയത്. മയ്യിത്ത് നിസ്കാരത്തിലെ അറബി പ്രാർത്ഥനയുടെ പരിഭാഷയും ലളിതമായി നൽകിയിട്ടുണ്ട്. മയ്യിത്തിനെ മുമ്പിൽ വെച്ചു കൊണ്ടുള്ള ഈ അനുഷ്ഠാനത്തിന്റെ വൈകാരികതയോട് സൂക്ഷ്മമായി ചേർന്നുകൊണ്ടു തന്നെ നോവൽ മുന്നോട്ടു പോകുന്നു.

നോവൽ പ്രമേയത്തിൽ ആവശ്യമായ സന്ദർഭങ്ങളുടെ അനുബന്ധമായി ഇസ്‌ലാമിക ജ്ഞാനത്തിന്റെ വിവിധങ്ങളെ പരിചയപ്പെടുത്താനും എഴുത്തുകാരൻ ശ്രമിച്ചിട്ടുണ്ട്. ദൈവത്തെ ആരാധിക്കാനായി ഭൂമിയിൽ ആദ്യം പണിത കെട്ടിടമെന്ന് ഇസ്‌ലാമിക പാഠങ്ങൾ പരിചയപ്പെടുത്തുന്ന കഅബയുടെ അടുത്ത് ബഷീറിന്റെ ആത്മാവ് എത്തുന്നതോടെ അതിന്റെ ചരിത്രവും അനുബന്ധ ചരിത്രവും ലളിതമായി വിവരിക്കുന്നത് കാണാം. കഅബയുടെ അടുത്തു നിന്ന് നോക്കുമ്പോൾ കാണുന്ന സഫാ, മർവാ എന്നീ മലകളുടെ കഥ, ആ മലകൾക്കിടയിലൂടെ തന്റെ പിഞ്ചു കുഞ്ഞിനു ദാഹജലം തേടി ഓടിയ ഹാജറയുടെ കഥ, ഒടുവിൽ അവരെ അതിശയിപ്പിച്ചു ദൈവം നൽകിയ സംസം എന്ന അത്ഭുത ജലത്തിന്റെ കഥ തുടങ്ങിയ പാഠങ്ങളെ സ്വതന്ത്രമായ ഇടപെടലുകളില്ലാതെ അവതരിപ്പിക്കുന്നു. ഹജ്ജ് എന്ന അനുഷ്ഠാനത്തിന്റെ ഭൂമിക കൂടിയാണ് അവിടങ്ങളെന്ന ഓർമയിൽ നിന്നു കൊണ്ടാണ് ഇവയെ വികസിപ്പിക്കുന്നത്. ഓരോ സ്ഥലത്തെയും ഓരോ സംഭവത്തെയും സൂക്ഷ്മതയിൽ നിന്നു കൊണ്ട് നോക്കുന്ന ഒരു നിരീക്ഷകനായി നോവലിസ്റ്റ് മാറുന്നു.

ഉപകഥകളും ആഖ്യാനങ്ങളുമായി വിശ്വാസികൾക്കിടയിൽ പറഞ്ഞും കേട്ടും കൊണ്ടിരിക്കുന്നവയെ പരിചയപ്പെടുത്തുന്ന ഒരു കഥപറച്ചിലുകാരനായി നോവലിസ്റ്റ് ഇടക്കൊക്കെ മാറുന്നത് കാണാം. ബഷീറിന്റെ മൃതദേഹം ഖബറടക്കാൻ കൊണ്ടുചെല്ലുന്ന സമയം, മൃതദേഹം എങ്ങനെ മറവു ചെയ്യണമെന്ന് ആദ്യമായി മനുഷ്യനെ പഠിപ്പിച്ചത് കാക്ക എന്ന പക്ഷിയാണെന്നും അത് എങ്ങനെയായിരുന്നുവെന്നും വിവരിക്കുന്നു. മറ്റൊരിക്കൽ, ലോകം അവസാനിക്കാറാകുമ്പോൾ എത്യോപ്യയിൽ നിന്നുള്ള ഒരു

വലിയസംഘം കഅബ പൊളിക്കുന്ന സന്ദർഭം വിവരിക്കുന്ന ഘട്ടത്തിൽ, എ.ഡി 570 ൽ എത്യോപ്യയിൽ നിന്ന് അബ്രഹത്തിന്റെ നേതൃത്വത്തിൽ ആനപ്പട്ടാളം കഅബ പൊളിക്കാൻ വന്ന സംഭവം ഓർമിപ്പിക്കുന്നു. അബ്രഹത്തിന്റെ സൈന്യത്തിനെതിരെ അറബികളായ നാട്ടുകാർ യുദ്ധം ചെയ്തെങ്കിലും പരാജയപ്പെട്ടു. ഒടുവിൽ ആകാശത്തു നിന്ന് അബാബീൽ പക്ഷികൾ കൂട്ടമായി വന്ന്, കൊക്കുകളിലാക്കി കൊണ്ടുവന്ന ചുട്ടുപഴുത്ത കല്ലുകൾ ആനപ്പടയുടെ മുകളിലേക്ക് വർഷിച്ചതോടെ അബ്രഹത്തും സൈന്യവും പിന്തിരിഞ്ഞോടുന്നതാണ് കഥ. കാലാവസാനത്തിന്റെ ലക്ഷണമായി കഅബ തകർക്കപ്പെടുന്ന രംഗം വിവരിക്കുന്ന സന്ദർഭത്തിലാണ് കഅബക്കെതിരെ നൂറ്റാണ്ടുകൾക്കു മുമ്പ് നടത്തി, പരാജയപ്പെട്ട മറ്റൊരു നീക്കം വിവരിച്ചത്.

ഇസ്ലാമിക ജ്ഞാനങ്ങൾ അടിക്കടി എടുത്തു വെച്ച് ഒരു വലിയ ശില്പം നിർമിക്കാൻ സാഹചര്യമൊരുക്കുന്ന മറ്റൊരു പ്രമേയം ഒരു പക്ഷേ ഇതുപോലെ വേറെയുണ്ടാകില്ല. ബഷീറിന്റെ മരണത്തോടെ തുടങ്ങുന്ന നോവൽ ആത്മാവിന്റെ സഞ്ചാരവഴികളും മരണാനന്തര ജീവിതവും അന്ത്യനാളും പരലോകവും സ്വർഗവും നരകവുമെല്ലാം തൊട്ടും വിശദീകരിച്ചും മുന്നോട്ടു പോകുന്നു. മതത്തിന്റെ നിർദേശങ്ങൾ ജീവിതത്തിൽ പാലിക്കാത്ത മനുഷ്യരാണെങ്കിലും മതാനുഷ്ഠാനങ്ങൾ പാലിക്കേണ്ടിവരുന്ന ഒരു ഘട്ടം സ്വന്തം കുടുംബത്തിലെ മരണാനന്തര ചടങ്ങുകളാണ്. യുക്തിയും കാര്യകാരണങ്ങളും മാറ്റിവെച്ച് ചടങ്ങുകളിലും അനുഷ്ഠാനങ്ങളിലും കുടുംബം മുഴുകുന്ന സന്ദർഭത്തിൽ മനസ്സില്ലെങ്കിലും അന്നേരം അതിനോട് ചേർന്ന് നിൽക്കും. അതുകൊണ്ടുതന്നെ, മതം ഏറ്റവും ദൃശ്യമാകുന്ന ജീവിത മുഹൂർത്തം മരണം തന്നെയെന്നു പറയാം. വിശ്വാസിയും അതേസമയം പാപിയുമായ ബഷീറിന്റെ ജീവിത്തിലെ ഏറ്റവും അനിവാര്യമായ സന്ദർഭത്തെ തെരഞ്ഞെടുത്ത് വികസിപ്പിക്കുമ്പോൾ മതത്തിന്റെ ഒട്ടനേകം ജ്ഞാന/വെളിപാട് മണ്ഡലങ്ങളെ പരാമർശിക്കുകയും വിശദീകരിക്കുകയും ചെയ്യേണ്ടി വരുന്നു. അതുകൊണ്ടു തന്നെ മുസ്ലിം കഥകളും ഖുർആൻ കഥകളും പ്രവാചക അധ്യാപനങ്ങളും മുസ്ലിം ഫോക്‌ലോറുമെല്ലാം ഇത്രത്തോളം ഇഴചേർന്ന മറ്റൊരു നോവൽ മലയാളത്തിലുണ്ടെന്നു തോന്നുന്നില്ല.

ഇതിലെ പ്രധാനകഥാപാത്രമായി ബഷീർ എന്ന ഒരാളുണ്ടെങ്കിലും അയാളുടെ ജ്ഞാനങ്ങളെയും നിലപാടുകളെയും രൂപീകരിക്കുന്നതും നിയന്ത്രിക്കുന്നതും നോവലിസ്റ്റ് തന്നെയാണ്. നോവലിസ്റ്റിന്റെ അറിവുകളും വേരുകളും തന്നെയാണ് നോവലിലുടനീളം പടർന്നു കിടക്കുന്നത്. കഥാപാത്രത്തിന്റെ വ്യക്തിത്വം നിർമിക്കാനോ അടയാളപ്പെടുത്താനോ ശ്രമിക്കുന്നതിനെക്കാൾ നോവലിസ്റ്റിന്റെ അനുഭവങ്ങളെയും കാഴ്ചകളെയും മുൻനിർത്തി ഒരു ജ്ഞാനമണ്ഡലം സൃഷ്ടിക്കാനാണ് മുതിർന്നിട്ടുള്ളത്. അത് എഴുത്തിന്റെ ഒരു വേറിട്ട പരീക്ഷണമായി മാറുകയും ചെയ്യുന്നു.

മുസ്ലിം/ഇസ്ലാം സംസ്കാരങ്ങളെ കൈകാര്യം ചെയ്യുന്നയിടങ്ങളിൽ ഭാഷയുടെ തെറ്റായ പ്രയോഗങ്ങളും സൂചകങ്ങളും മലയാളത്തിന്റെ പതിവ് രീതിയായയിടത്ത് അച്ചടക്കമുള്ള ഭാഷയും പ്രയോഗവും സ്വീകരിച്ച് നോവൽ മുന്നോട്ടു പോകുന്നു. മുസ്ലിം സാങ്കേതിക പദങ്ങളും പ്രയോഗങ്ങളും അച്ചടക്കത്തോടെ നോവലിലുടനീളം ഉപയോഗിച്ചതായി കാണാം. മയ്യിത്ത്, ഇഫ്രീത്ത്, വഅള്, മുസല്ല, സിദ്റത്തുൽ മുൻതഹാ, മീസാൻ, ഹൗളുൽ കൗസർ, മഹ്ശറ, ഹജറുൽ അസ്‌വദ്, മുശാവറ, ഔലിയ, കറാമത്ത്, ബർകത്ത്, മൗലിദ്, ചീരണി, പ്രവാചകൻമാരുടെയും മലകുകളുടെയും പേരുകൾ തുടങ്ങിയവ

ശരിയായ രീതിയിലും സ്ഥലത്തും ഉപയോഗിച്ചിരിക്കുന്നു. അവ വികൃതമായി ഉപയോഗിക്കാതെ, മുസ്‌ലിം സംസ്കാരത്തോടും ഭാഷയോടും അടുത്തു നിന്ന് നോവൽ സംസാരിക്കുന്നു. ആവശ്യമായ പദങ്ങളുടെ അർത്ഥവും വിശദീകരണവും നോവലിന്റെ ആദ്യഭാഗത്ത് നൽകുകയും ചെയ്തിരിക്കുന്നു.

**പാരമ്പര്യാനുഭവം**

ബഷീറിന്റെ ഇഹലോക കാഴ്ചകളിൽ കൃത്യമായ പാരമ്പര്യ അനുഭവങ്ങൾ സ്ഥാപിച്ചെടുക്കാൻ നോവൽ ശ്രമിച്ചിട്ടുണ്ട്. മലബാറിലെ മാപ്പിളജീവിത വഴക്കത്തിന്റെയും ശൈലിയുടെയും മുദ്രയായ സംസ്കാരത്തിലും വ്യവഹാരങ്ങളിലും ആഴത്തിൽ വേരുപതിച്ച് കിടക്കുന്നതാണ് ആ പാരമ്പര്യം. മയ്യിത്ത് നിസ്കാരത്തിന് കൈ കെട്ടുന്നത് എവിടെയാണെന്നു പറയുന്നതു വരെ ഈ പാരമ്പര്യത്തിൽ നിന്നു കൊണ്ടാണ്. മുസ്‌ലിംകളിലെ മുജാഹിദുകൾ എന്ന വിഭാഗക്കാർ നിസ്ക്കരിക്കുമ്പോൾ കൈ നെഞ്ചിലാണ് കെട്ടാറ്. പാരമ്പര്യവാദികളായ സുന്നികൾ നെഞ്ചിനു താഴെയും. ബഷീറിന്റെ മയ്യിത്ത് നിസ്കാരം നടക്കുമ്പോൾ ആളുകൾ നെഞ്ചിനു താഴെ കൈകെട്ടി എന്ന് നോവലിൽ പ്രത്യേകം പറയുന്നു. സുന്നികളാണ് മാപ്പിളമാരിൽ കൂടുതലുമുള്ളത്. അവരാണ് നോവലിലും തടിച്ചു കൂടിയിരിക്കുന്നത്. മയ്യിത്ത് വീട്ടിൽ കിടക്കുന്ന സമയത്തും സുന്നികളുടെ ആചാരങ്ങൾ തന്നെയാണ് നടക്കുന്നത്. പള്ളിയിൽ നിന്നു വന്ന മുസ്ല്യാക്കൻമാർ മയ്യിത്തിനു ചുറ്റമിരുന്ന് ഖുർആൻ ഓതുന്നു. മയ്യിത്തിന്റെ പാപങ്ങൾ പൊറുത്തു കൊടുക്കാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. മയ്യിത്ത് പള്ളിയിലേക്ക് കൊണ്ടുപോകുമ്പോൾ 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന് മുന്നിലുള്ള ഒരാൾ ചൊല്ലിക്കൊടുക്കുകയും മറ്റുള്ളവർ അത് ഏറ്റുചൊല്ലുകയും ചെയ്യുന്നു. മാപ്പിള ജീവിതനേരങ്ങളിൽ സാധാരണമായ അനുഭവങ്ങളെ നേർക്കുനേർ അവതരിപ്പിക്കുന്നു.

മരിച്ച് ഖബറുകളിൽ കിടക്കുന്നവർക്ക് അവരുടെ വീട്ടുകാർ ചെയ്യുന്ന നൻമകളുടെ പ്രതിഫലം ലഭിക്കുമെന്ന മുസ്‌ലിംകൾക്കിടയിലെ പാരമ്പര്യ വിശ്വാസത്തിന് നോവൽ അടിവരയിടുന്നു. മരിച്ചതിന്റെ മൂന്നാം നാൾ, ഏഴാംനാൾ, പതിനാലാം നാൾ, നാൽപതാം നാൾ, വാർഷിക ദിനം തുടങ്ങിയ സവിശേഷ ദിവസങ്ങളിൽ മരിച്ചവർക്കു വേണ്ടി അവരുടെ വീടുകളിൽ നടക്കുന്ന മൗലിദിന്റെയും ചീരണിവിതരണത്തിന്റെയും നൻമ അയൽ ഖബറിലുള്ളവർക്ക് എത്തുന്നത് ബഷീർ കാണുന്നുണ്ട്. മരിച്ചവരെ ഓർക്കാനും അവർക്ക് ഖബറിൽ നൻമ ലഭിക്കാനുമായി മാപ്പിളമാർ വീടുകളിൽ മൗലിദ് സദസ്സുകൾ സംഘടിപ്പിച്ച് നാട്ടുകാർക്ക് ഭക്ഷണം നൽകുന്നത് പതിവാണ്. പ്രവാചകൻ മുഹമ്മദ് നബിയെയും മറ്റു പുണ്യവ്യക്തികളെയും പ്രകീർത്തിക്കുന്ന/അവരുടെ ജീവിതത്തിലെ പ്രധാന ചരിത്രം പറയുന്ന പദ്യ-ഗദ്യ സമിശ്ര അറബിസാഹിത്യ രചനയാണ് മൗലിദ്; രീതിയിൽ ഏറക്കുറെ, മണിപ്രവാളത്തിലെ ചമ്പുക്കൾ പോലെ. മലബാറിൽ കൊളോണിയൽ കാലഘട്ടത്തിൽ നിരവധി മൗലിദുകൾ രചിക്കപ്പെട്ടിട്ടുണ്ട്. പോർച്ചുഗീസ്, ബ്രിട്ടീഷ് കൊളോണിയലിസത്തിനെതിരെ പടനയിക്കുകയും രക്തസാക്ഷിത്വം വരിക്കുകയും ചെയ്ത മാപ്പിളമാരെ കുറിച്ചുള്ള മൗലിദുകളും അക്കൂട്ടത്തിലുണ്ട്. അവരുടെ ഓർമകൾ നിലനിർത്താൻ ഏറ്റവും നല്ല മാർഗം ഇത്തരം മൗലിദുകളും അവ പാരായണം ചെയ്യുന്ന സദസ്സുകളുമാണെന്ന് മാപ്പിളമാർ തിരിച്ചറിഞ്ഞിരുന്നു. മരിച്ചവർക്ക് പ്രതിഫലം കിട്ടാനും അവരുടെ ഓർമകൾ നിലനിർത്താനുമായി മൗലിദ്

സദസ്സുകൾ സംഘടിപ്പിക്കുന്നത് സാധാരണ മുസ്‌ലിം ജീവിതത്തിൽ ആവർത്തിക്കുന്ന അനുഭവമാണ്. ഈ അനുഭവത്തിന്റെ എതിർ ചേരിയിലാണ് മുസ്ലിംകൾക്കിടയിലെ മുജാഹിദ് വിഭാഗമുള്ളത്. മരിച്ചവർക്ക് വേണ്ടി ഇങ്ങനെയൊന്നും ചെയ്യേണ്ട എന്നും അവർ ജീവിതത്തിൽ ചെയ്ത നൻമകൾ മാത്രമേ മരണാനന്തരവും അവരുടെ കൂടെ ഉണ്ടാകൂ എന്നും അവർ പറയുന്നു. അതേസമയം, മരിച്ചവരുടെ ഓർമകളിൽ നൻമകളുടെ പലവഴികൾ കണ്ടെത്തുന്ന പാരമ്പര്യ മാപ്പിള ശീലത്തെ വിവരിച്ച് തന്നെ നോവൽ മുന്നോട്ടു പോകുന്നു.

ബഷീറിന്റെ വല്യുമ്മയെ കുറിച്ചുള്ള ഓർമകളിൽ നിറഞ്ഞു നിൽക്കുന്നത് മലബാറിലെ ഒരു മാപ്പിള പെണ്ണിന്റെ അനുഭവങ്ങളാണ്. കഥകളും പാട്ടുകളുമായി വീട്ടിലെ കുട്ടികൾക്കിടയിൽ സജീവമാകുന്ന വല്യുമ്മ പാരമ്പര്യത്തിന്റെ തനിമയിൽ അടയാളങ്ങൾ പണിയുന്നു. ബദർ മാല, നഫീസത്ത് മാല, മുഹയിദ്ദീൻ മാല, മലപ്പുറം പടപ്പാട്ട് തുടങ്ങിയ അറബിമലയാള ബൈത്തുകൾ/പദ്യങ്ങൾ പാടുക എന്നത് വല്യുമ്മയുടെ ദിനചര്യയാണ്. ബൈത്തുകൾ ചൊല്ലിയാൽ പുണ്യം കിട്ടുമെന്ന വിശ്വാസം വല്യുമ്മക്കുണ്ട്. കൊളോണിയൽ കാലഘട്ടത്തിൽ മലബാറിൽ വിരചിതമാകുകയും മാപ്പിളമാർക്കിടയിൽ ജനകീയമാവുകയും ചെയ്ത ഈ ബൈത്തുകൾ ഒരു ജനതയുടെ സാംസ്കാരിക മുദ്രയാണ്. മാപ്പിളമാർക്കിടയിൽ 1920 കൾക്കു ശേഷം ഇത്തരം വ്യവഹാരങ്ങൾ മതവിരുദ്ധമെന്നും വിശ്വാസങ്ങൾക്കു പുറത്തെന്നും പറഞ്ഞുള്ള പ്രബോധനങ്ങൾ നടന്നെങ്കിലും സുന്നികളുടെ പാരമ്പര്യനടപ്പുകളിൽ ഇവ ചർച്ചചെയ്യപ്പെട്ടുകൊണ്ടു തന്നെ നിന്നു. അതിന്റെ നനവിലാണ് നോവലിന്റെ ഭൂമിക നിലകൊള്ളുന്നത്.

വീട്ടിലെ കോഴിക്ക് അസുഖം വന്നപ്പോൾ വല്യുമ്മ ചെയ്തത് ഒരു രൂപ നാണയമെടുത്ത് വെളുത്ത ഉറുമാലിൽ കെട്ടി മമ്പുറം തങ്ങളുടെ പേരിൽ, യാസീൻ എന്ന ഖുർആനിലെ അധ്യായം ഓതി മന്ത്രിച്ച് ഊതി കോഴിയുടെ കഴുത്തിൽ കെട്ടുകയായിരുന്നു. പിന്നെ പുത്തൻപള്ളി മഖ്ബറയിൽ നിന്നു കൊണ്ടുവന്ന പുണ്യമുള്ള വെള്ളം കോഴിയുടെ മുഖത്ത് മൂന്നു പ്രാവശ്യം തളിക്കുകയും ചെയ്തു. അതോടെ കോഴിയുടെ അസുഖം മുഴുവൻ മാറുന്നു. മനുഷ്യർക്ക് മാത്രമല്ല, വീട്ടിലെ വളർത്തു മൃഗങ്ങൾക്കും എന്തെങ്കിലും സംഭവിച്ചാൽ ഇത്തരം ആത്മീയ കേന്ദ്രങ്ങളെ ആശ്രയിച്ച് പരിഹാരം കാണുന്നത് മാപ്പിളമാരുടെ രീതിയാണ്. മലബാറിലെ മാപ്പിള-കീഴാള ജനതയുടെ പ്രധാന തീർത്ഥാടന കേന്ദ്രമായ മമ്പുറം മഖ്ബറയും പൊന്നാനിക്കടുത്ത പുത്തൻപള്ളി മഖ്ബറയും പാരമ്പര്യ വിശ്വാസത്തിന്റെ സാംസ്കാരിക അടയാളങ്ങളാണ്. അവിടങ്ങളിൽ വർഷംതോറും നടക്കുന്ന നേർച്ചകളിൽ മാപ്പിള-കീഴാള ജനതയുടെ വലിയ പങ്കാളിത്തം ഉണ്ടാകാറുണ്ട്.

ബഷീറും കുടുംബവും ജീവിതത്തിൽ സാധാരണ മുസ്ലിമിനെ പ്രതിനിധീകരിക്കുന്നു. യുക്തിക്കും ചോദ്യങ്ങൾക്കുമപ്പുറം ജീവിതത്തിന്റെ പ്രായോഗിതയിലും പാരമ്പര്യത്തിലും ഉണർന്നെണീക്കുന്ന മാപ്പിള. അറബിമലയാള പാരമ്പര്യത്തിന്റെ തുടർച്ചയിൽ സംഭവിക്കുന്ന സാധാരണ നൻമകൾ. നേർച്ചകളും നാട്ടാചാരങ്ങളുമടങ്ങുന്ന, ഒരു മാപ്പിള കടന്നു പോകുന്ന ഓർമകളും അനുഭവങ്ങളും വരികളിൽ സംസ്കാരത്തിന്റെ നനവ് പടർത്തുന്നു.

**ഉപസംഹാരം**

പ്രമേയതലത്തിൽ പലകണ്ണികളെ കൂട്ടിയിണക്കി ഒരു ഘടനയിലേക്ക് ഒതുങ്ങി വരുന്ന രീതിയിൽ നോവൽ സഞ്ചരിക്കുന്നു. മാപ്പിള സംസ്കാരവും ഇസ്‌ലാമിക ജ്ഞാനമണ്ഡലവും ചേർന്നുള്ള വലുതല്ലാത്ത, എന്നാൽ ചെറുതല്ലാത്ത ഒരു നോവൽ. ഭാഷയുടെ ലളിതമായ വ്യവഹാരങ്ങളിൽ സങ്കീർണതകളില്ലാതെ അച്ചടക്കത്തോടെയുള്ള ഘടന. അങ്ങനെ പലതുമായി തീരുന്നു ശംസുദ്ദീൻ മുബാറകിന്റെ മരണപര്യന്തം. സാഹിത്യത്തിൽ പിറവിയെടുക്കുന്ന സാമുദായിക/മത/സ്വത്വ/ലിംഗ അനുഭവങ്ങളെ/ഇതിവൃത്തങ്ങളെ സ്വീകരിക്കുന്ന നവഭാവനയുടെയും നവഭാഷയുടെയും പുതിയ പരിസരം പതുക്കെയെങ്കിലും വായനയുടെ ജനാധിപത്യത്തിൽ ഉണ്ടായിവരുന്നുണ്ടെന്നത് ശുഭകരമാണ്. വിവിധ ജ്ഞാനപദ്ധതികളിലെ വിവരണങ്ങളും അറിവുകളും പ്രാദേശിക വൈവിധ്യങ്ങളും അടുത്തറിയുകയും അവയെ സാഹിത്യത്തിന്റ വേവിൽ നിർമിച്ചെടുക്കുകയും ചെയ്യുന്ന എഴുത്തുകാർ മലയാളത്തിന്റെ പുതിയ പ്രഭാതമാണ്. സാമ്പ്രദായിക രചനാരീതികളെ ഒട്ടും പിന്തുടരാതെ അവർ സൃഷ്ടിക്കുന്ന ലോകം വായനയുടെ ജനാധിപത്യം തിരിച്ചുകൊണ്ടുവരാൻ നിമിത്തമാകുന്നു.

**റഫറൻസ്:**

1-ഇബ്രാഹീം ബേവിഞ്ച, ഇസ്‌ലാമിക സാഹിത്യം മലയാളത്തിൽ, ഐ.പി.എച്ച്, 1995.
2-ശംസുദ്ദീൻ മുബാറക്-മരണ പര്യന്തം റൂഹിന്റെ നാൾ മൊഴികൾ, ഡിസി ബുക്സ്, 2018.